# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.198

28-01-2019 ൽ മറുപടിയ്ക്ക്

### കോഴിച്ചന ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.അബ്ദുറബ്ബ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) തിരൂരങ്ങാടി മണ്ഡലത്തിൽ കോഴിച്ചന എൻ.എച്ച്. പരിസരത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്ന ദീർഘകാല ആവശ്യത്തിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ; | എ) ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഉദ്യോഗസ്ഥർ റിപ്പോർട്ട് നൽകിയിരുന്നോ; വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ അത് സത്വരം ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം നൽകുമോ; | ബി) റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. തിരൂരങ്ങാടി മണ്ഡലത്തിൽ ഉൾപ്പെട്ട തെന്നല ഗ്രാമപഞ്ചായത്തിലെ കോഴിച്ചന എന്ന പ്രദേശത്ത് ദേശീയ പാതയുടെ വശത്ത് കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന 7.47 ഏക്കർ ഭൂമിയിൽ നിന്നും 1 ഏക്കർ സ്ഥലം കേരളാ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന് പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വിട്ട് നൽകുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, സെൻട്രൽ പൊതുമരാമത്ത് വകുപ്പ് കോഴിക്കോട്-ന് വകുപ്പ് തലവൻ കത്ത് നൽകിയിട്ടുണ്ട് എന്ന വിവരം റിപ്പോർട്ട് ചെയ്തിരുന്നു. |
| സി) പ്രസ്തുത ഫയർ സ്റ്റേഷൻ എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കുമോ ? | സി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ട്, ഭരണാനുമതി എന്നിവയ്ക്ക് വിധേയമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ